നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്

17 [2324] *ശ്രീ. ഡി. സുഗതൻ:*

,, *എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംവരണത്തിന് അർഹതപ്പെട്ട സമുദായങ്ങളുടെ സംവരണം ഇനി മുതൽ ഉറപ്പു വരുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ നടപടിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വയംഭരണ സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും പിന്നോക്ക വിഭാഗങ്ങളിലെ ജീവനക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച പഠനം നടത്തിയ ജസ്റ്റിസ് ശ്രീ. കെ. കെ. നരേന്ദ്രൻ ചെയർമാനായുള്ള കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് വിശദമായ ചർച്ചയ്ക്കായി നിയമസഭയുടെ മേശപ്പുറത്ത് വച്ചിരിക്കുകയാണ്.

പിന്നോക്കവിഭാഗ പ്രാതിനിധ്യം പഠിക്കാൻ മറ്റൊരു കമ്മീഷൻ

18 [2325] *ശ്രീ. ഡി. സുഗതൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അർദ്ധസർക്കാർ മേഖലയിലെ പിന്നോക്കവിഭാഗ പ്രാതിനിധ്യം പഠിക്കുവാൻ സർക്കാർ നിയോഗിച്ച ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷന് കൃത്യമായ വിവരങ്ങൾ പല വകുപ്പുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ലഭിക്കാതിരുന്ന സാഹചര്യത്തിൽ സർക്കാർ അടിയന്തിരമായി ഇക്കാര്യത്തിൽ മറ്റൊരു കമ്മീഷനെ നിയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷന് കൃത്യമായ വിവരങ്ങൾ നൽകാതിരുന്ന വകുപ്പ് മേധാവികൾ/ സ്ഥാപന മേധാവികൾ എന്നിവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ;

(സി) പുതുതായി രൂപീകരിക്കപ്പെടുന്ന കമ്മീഷന് ആവശ്യമായ വിവരങ്ങൾ കൃത്യമായും സമയബന്ധിതമായും വകുപ്പുകളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) സർക്കാർ അർദ്ധസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ സർവ്വകലാശാലകൾ തുടങ്ങി സർക്കാർ ഖജനാവിൽനിന്നും ധനസഹായം ലഭിക്കുന്ന എല്ലാ സ്ഥാപനങ്ങളേയും ഈ കമ്മീഷൻ അന്വേഷണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

GPM. 2/612/2012—10

LIBRARY ARCHIVES Kerala Legislative Assembly